**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3458** **02-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയെ പ്രതിസന്ധിയിൽ നിന്നും കരകയറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണത്തിലെ പാളിച്ചകൾ മൂലം കർഷകർ ദുരിതമനുഭവിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ കൊയ്ത്ത് കഴിഞ്ഞാൽ ഉടൻതന്നെ നെല്ല് സംഭരിക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ കർഷകന്റെ അക്കൗണ്ടിൽ വില നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; ആയതിന് വകുപ്പ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഇല്ല. നിലവിൽ നെല്ല് സംഭരണം സുഗമമായി നടക്കുന്നു. 2022-23 സീസണിൽ 24.02.2023 വരെ 87275 കർഷകരിൽ നിന്നും 2.28 ലക്ഷം മെട്രിക് ടൺ സംഭരിച്ചിട്ടുണ്ട്. കർഷകർക്ക് സമയബന്ധിതമായി വില നൽകുന്നതിനായി എസ്.ഐ.ബി, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയിൽ നിന്നും നേരിട്ടും കേരള ബാങ്കിൽ നിന്നും പി.ആർ.എസ് പദ്ധതി പ്രകാരവും സപ്ലൈകോ 2700 കോടി രൂപ ലോൺ എടുത്തിട്ടുണ്ട്. |
| (ബി) | നെല്ലിന്റെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വ്യക്തമാക്കുമോ;സംസ്ഥാനത്ത്; | (ബി) | നെല്ലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നിവ നിലവിൽ സപ്ലൈകോ മുഖാന്തിരം നടന്നുവരുന്നുണ്ട്. ഇതിനായി പ്രത്യേക പാക്കേജ് ഒന്നും നിലവിൽ പരിഗണനയിലില്ല. |
| (സി) | കാർഷിക കലണ്ടർ ശാസ്ത്രീയമായി തയ്യാറാക്കി പ്രസിദ്ധീകരിച്ചുകൊണ്ട് അതിനനുസൃതമായ തുടർനടപടികളിലൂടെ കാർഷിക മേഖലയെ നിലവിലെ പ്രതിസന്ധികളിൽ നിന്നും കരകയറ്റാനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സ്വീകരിക്കുന്നതാണ്. പ്രാരംഭ നടപടിയായി കുട്ടനാട്ടിൽ നെൽകൃഷിക്കായി ക്രോപ് കലണ്ടർ തയ്യാറാക്കുന്ന പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. കൂടാതെ തൃശ്ശൂർ നോൺ കോൾ മേഖലയിലും ജലപരിപാലന പ്രശ്ന പരിഹാരങ്ങൾക്കായി ക്രോപ്പ് കലണ്ടർ അനുവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ